**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5467** **15-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിലുള്ള നിയന്ത്രണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് ബസുകളിൽ കൺസഷൻ അനുവദിക്കുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാർ നിർദേശപ്രകാരമാണോ പ്രസ്തുത തീരുമാനങ്ങൾ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ച് വരുന്ന എല്ലാ യാത്രാസൗജന്യങ്ങളും നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല. നിലവിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിയ്ക്കുന്ന വരുമാനം ചിലവിന് പര്യാപ്തമല്ല. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി.യിൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസുകളിൽ നിന്നും വ്യത്യസ്തമായി പൂർണ്ണമായും സൗജന്യയാത്രയും മറ്റ് വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ യാത്രയ്ക്കായി കൺസഷൻ ടിക്കറ്റുമാണ് നൽകി വന്നിരുന്നത്. കൺസഷൻ ഉൾപ്പെടെയുള്ള വിവിധ സൗജന്യങ്ങൾ നൽകി വരുന്നതിലൂടെ 2016 വർഷം മുതൽ 2020 വർഷം വരെ 966.31 കോടി രൂപയുടെ സാമ്പത്തിക ബാധ്യത കെ.എസ്.ആർ.ടി.സി.യ്ക്ക് വന്നു ചേർന്നിട്ടുണ്ട്. വ്യാപകമായി അനുവദിച്ച് വരുന്ന വിവിധ സൗജന്യങ്ങൾ അർഹരായവർക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥി കൺസഷൻ സംവിധാനത്തിൽ കാലാനുസൃതമായ മാറ്റം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | അൺ എയ്ഡഡ് സ്കൂളുകളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികളിൽ ബി.പി.എൽ. പരിധിയിൽ ഉൾപ്പെടുന്നവർക്ക് മാത്രമേ ഇനി കൺസഷൻ അനുവദിക്കുകയുള്ളൂ എന്ന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | സെൽഫ് ഫൈനാൻസ് കോളേജുകളിലെയും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലെയും BPL പരിധിയിൽ വരുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യ നിരക്കിൽ നിലവിലെ കൺസഷൻ അനുവദിക്കുന്നതാണ്. എന്നാൽ അൺ എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ്, സ്വാശ്രയ കോഴ്സുകൾ എന്നിവയിൽ വലിയ തുക ഫീസും ക്യാപിറ്റേഷൻ ഫീസും വാങ്ങി വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ സ്വന്തമായി യാത്രാ സൗകര്യം ലഭ്യമാക്കേണ്ടതു കൂടിയുണ്ട്. എന്നാൽ ഇത്തരം ചില കോളേജുകൾ കോളേജ് ബസ് ഓപ്പറേറ്റ് ചെയ്യാതെ ബാധ്യത കെ.എസ്.ആർ.ടി.സി.യിൽ വരുത്തുന്നത് കെ.എസ്.ആർ.ടി.സി.യ്ക്ക് മാത്രമായി താങ്ങുവാൻ |

| | | | |
|---|---|---|---|
| | | | കഴിയുകയില്ല. ഈ സാഹചര്യത്തിൽ 35% ടിക്കറ്റ് തുക ഇത്തരം സ്ഥാപനങ്ങളും, 35% ടിക്കറ്റ് തുക ഇത്തരത്തിൽ ഫീസ് കൊടുത്ത് പഠിപ്പിക്കുന്ന സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന മാതാപിതാക്കളും, 30% തുക കെ.എസ്.ആർ.ടി.സി.യും വഹിക്കുന്നതാണ് എന്ന നിലയിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | കൺസഷൻ പ്രായപരിധി 25 വയസ്സായി നിജപ്പെടുത്തുവാനും നിരക്കിളവ് സ്വാശ്രയ കോളേജുകളിലെ എ.പി.എൽ. പരിധിയിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കേണ്ടതില്ലെന്നുമുള്ള നിർദേശങ്ങൾ കെ.എസ്.ആർ.ടി.സി. മുന്നോട്ടുവച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം മുന്നോട്ടുവയ്ക്കാനിടയായ സാഹചര്യം വിശദമാക്കുമോ; | (സി) | വിദ്യാർത്ഥി കൺസഷൻ ലഭിക്കുന്നതിനായി 72 വയസ്സുള്ള സാമ്പത്തികമായി ഉയർന്ന നിലയിലുള്ള ഉദ്യോഗത്തിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥ വിദ്യാർത്ഥി കൺസഷൻ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇത് വിശദമായി പരിശോധിച്ചതിൽ ടി ഉദ്യോഗസ്ഥയെ പോലെ ഉയർന്ന സാമ്പത്തികശേഷിയുള്ള അനർഹരായ ധാരാളം പേർ വിദ്യാർത്ഥി കൺസഷൻ ആനുകൂല്യം തട്ടിയെടുക്കുന്നതിന് നിലവിലെ പ്രായപരിധി ഇല്ലാത്ത സാഹചര്യം വഴിയൊരുക്കുന്നുവെന്നും അർഹരായ വിദ്യാർത്ഥികൾക്ക് സൗജന്യം ലഭ്യമാകുന്നില്ലായെന്നും കാണുകയും ഇത്തരത്തിൽ സ്വാഭാവികമായി തൊഴിലോ മറ്റ് വരുമാന മാർഗ്ഗമോ ആയിട്ടുള്ളവരുടെ സമ്പാദിക്കുവാൻ കഴിയുന്ന ഒരു പ്രായപരിധി നിശ്ചയിക്കണം എന്നതിന്റെ ഭാഗമായാണ് 25 വയസ്സായി പ്രായപരിധി നിജപ്പെടുത്തിയിട്ടുള്ളത്.<br><br>അൺ എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ്, സ്വാശ്രയ കോഴ്സുകൾ എന്നിവയിൽ വലിയ തുക ഫീസും ക്യാപിറ്റേഷൻ ഫീസും വാങ്ങി വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ സ്വന്തമായി യാത്രാ സൗകര്യം ലഭ്യമാക്കേണ്ടതു കൂടിയുണ്ട്. എന്നാൽ ഇത്തരം കോളേജുകൾ കോളേജ് ബസ് ഓപ്പറേറ്റ് ചെയ്യാതെ ബാധ്യത കെ.എസ്.ആർ.ടി.സി.യിൽ വരുത്തുന്നത് കെ.എസ്.ആർ.ടി.സി.യ്ക്ക് മാത്രമായി താങ്ങുവാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ 35% ടിക്കറ്റ് തുക ഇത്തരം സ്ഥാപനങ്ങളും, 35% ടിക്കറ്റ് തുക ഇത്തരത്തിൽ ഫീസ് കൊടുത്ത് പഠിപ്പിക്കുന്ന സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന മാതാപിതാക്കളും, 30% തുക കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ കെ.എസ്.ആർ.ടി.സി.യും വഹിക്കുന്നതാണ് എന്ന നിലയിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും നിലവിലുള്ള വിദ്യാർത്ഥി കൺസഷൻ സംവിധാനം കാലോചിതമായി |

| | | | |
|---|---|---|---|
| | | | പരിഷ്കരിച്ച് അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിനും അനർഹർക്ക് സാമ്പത്തിക ആനുകൂല്യം നൽകുന്നതുവഴി കെ.എസ്.ആർ.ടി.സി.യ്ക്ക് ഇതിലൂടെ ഉണ്ടാകുന്ന കടുത്ത സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിനുമാണ് ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്ത് നിലവിൽ കൺസഷൻ ലഭിച്ചുവന്നിരുന്ന മുഴുവൻ വിദ്യാർത്ഥി വിഭാഗങ്ങൾക്കും തുടർന്നും കൺസഷൻ അതേപടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിലുള്ള നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും കൺസഷൻ ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ